M- 295

# GOVERNMENT VOCATIONAL HIGHER SECONDARY SCHOOL
## THATTAKUZHA,IDUKKI- 685581

*TELEPHONE NO: 9447800323* *E-mail : gvhssthattakuzha906003@gmail.com*

*A-73/ SSK-SDC/ 2/2024* *Date: 29/10/2024*

**ടെണ്ടർ പരസ്യം**

**പൊതു വിദ്യാഭ്യാസ വകുപ്പ് ,വി.എച്ച്.എസ്.ഇ വിഭാഗം**

ഇടുക്കി ജില്ലയിലെ തട്ടക്കുഴ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററിലെ ഇലക്ട്രീഷ്യൻ -ഡൊമസ്റ്റിക് സൊല്യൂഷൻസ് (Electrician-Domestic Solutions) എന്ന കോഴ്സിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുദ്രവച്ച ടെണ്ടറുകള് ക്ഷണിച്ചുകൊള്ളുന്നു. വിതരണം ചെയ്യേണ്ട ലാബ് ഉപകരണങ്ങളുടെ വിശദമായ പട്ടിക സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ടെണ്ടർഅടക്കം ചെയ്തിരിക്കുന്ന കവറിന് പുറത്ത് 'ഇലക്ട്രീഷ്യൻ -ഡൊമസ്റ്റിക് സൊല്യൂഷൻസ് (Electrician-Domestic Solutions) എന്ന കോഴ്സിലേക്കുള്ള ലാബ് ഉപകരണങ്ങളുടെ വിതരണം' എന്ന് രേഖപ്പെടുത്തേണ്ടതാണ്. അടങ്കൽ തുക 4,20,000 /- (നാല് ലക്ഷത്തിഇരുപതിനായിരം) രൂപയാണ്. ടെണ്ടർഉൾകൊള്ളുന്ന ടി കവറുകൾ എത്തിക്കേണ്ടത് പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ്, തട്ടക്കുഴ, ഇടുക്കി–685581 എന്ന വിലാസത്തിലാണ്. മുദ്രവച്ച ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തിയതി 13/11/2024, 3 pm ആണ് . താമസിച്ച് ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ലഭിക്കുന്ന ടെണ്ടറുകള് 18/11/2024, 2 pm –ന് സന്നിഹിതരായിരിക്കുന്ന ടെണ്ടർ സമർപ്പിച്ചവരുടെയോ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയിരിക്കുന്ന പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ടെണ്ടർ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർ പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് തട്ടക്കുഴ , ഇടുക്കി –685581 പക്കൽ നിന്നും ടെണ്ടർ ഫോം വാങ്ങേണ്ടതും ടി ഫോറത്തിൽ ടെണ്ടർ സമർപ്പിക്കേണ്ടതുമാണ്. ടെണ്ടർ ഫോറിനുള്ള അപേക്ഷയോടൊപ്പം ഒരു ഫോറത്തിന് നിർണയിച്ചിട്ടുള്ള വിലയായ 800 /- രൂപ പണമായി അടയ്ക്കേണ്ടതാണ്. പ്രസ്തുത തുക യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. ടെണ്ടർഫോം വിലയുടെ ജി.എസ്.ടി തുകയായ 12 ശതമാനം ജി.എസ്.ടി. ഹെഡിൽ അടച്ച് ചെല്ലാൻ/ കൗണ്ടർഫോയിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോറത്തിന്റെ വിൽപന 14/11/2024, 3 pm-ന് അവസാനിക്കുന്നതാണ്. ചെക്ക്, തപാൽ സ്റ്റാമ്പ് മുതലായവ ടെണ്ടർഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ടെണ്ടർ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ എസ്റ്റിമേറ്റ് തുകയുടെ 1 ശതമാനം നിരതദ്രവ്യ നിക്ഷേപമായി അടയ്ക്കേണ്ടതും ടി തുക 1,500 രൂപയിൽ കുറയാൻ പാടില്ലാത്തതും ആകുന്നു. നിരതദ്രവ്യ നിക്ഷേപതുക പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് , തട്ടക്കുഴ , ഇടുക്കി –685581 എന്ന വിലാസത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റായി അടയ്ക്കാവുന്നതാണ്. 200 രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്. ടെണ്ടറില് പറഞ്ഞിരിക്കുന്ന തുക ടെണ്ടർ സ്വീകരിക്കുന്ന തിയതി മുതൽ ഒരു വർഷത്തേക്ക് മാറ്റമില്ലാതെ തുടരുന്നതായിരിക്കും. പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് , തട്ടക്കുഴ , ഇടുക്കി –685581 ന് ടെണ്ടർ നിരസിക്കാനോ റദ്ദ് ആക്കാനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. സർക്കാർ 18/11/2024–ന് പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ ടെണ്ടർ അടുത്ത പ്രവർത്തി ദിവസം തുറക്കുന്നതാണ്.

സ്ഥലം : തട്ടക്കുഴ

തീയതി : 29/10/2024

GOVERNMENT VOCATIONAL HIGHER SECONDARY SCHOOL
THATTAKUZHA,IDUKKI- 685581

*TELEPHONE NO: 9447800323*   *E-mail : gvhssthattakuzha906093@gmail.com*


*A-73/ SSK-SDC/ 1/2024*   *Date: 29/10/2024*

## ടെണ്ടർ പരസ്യം

## പൊതു വിദ്യാഭ്യാസ വകുപ്പ് . വിഎച്ച്എസ്ഇ വിഭാഗം

ഇടുക്കി ജില്ലയിലെ തട്ടക്കുഴ ഗവ . വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററിലെ ആനിമേറ്റർ (Animator) എന്ന കോഴ്സിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് മുദ്രവച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. വിതരണം ചെയ്യേണ്ട ലാബ് ഉപകരണങ്ങളുടെ വിശദമായ പട്ടിക സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടെണ്ടർ അടക്കം ചെയ്തിരിക്കുന്ന കവറിന് പുറത്ത് '<u>ആനിമേറ്റർ (Animator) എന്ന കോഴ്സിലേക്കുള്ള ലാബ് ഉപകരണങ്ങളുടെ വിതരണം</u>' എന്ന് രേഖപ്പെടുത്തേണ്ടതാണ്. അടങ്കൽ തുക 1,14,470 /- (ഒരു ലക്ഷത്തിപതിനാലായിരത്തി നാനൂറ്റി എഴുപത്) രൂപയാണ്. ടെണ്ടർ ഉൾക്കൊള്ളുന്ന ടി കവറുകൾ എത്തിക്കേണ്ടത് പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് , തട്ടക്കുഴ , ഇടുക്കി – 685581 എന്ന വിലാസത്തിലാണ്. മുദ്രവച്ച ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി 16/11/2024, 3 pm ആണ് . വൈകി ലഭിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. ലഭിക്കുന്ന ടെണ്ടറുകൾ 18/11/2024, 11 am –ന് സന്നിഹിതരായിരിക്കുന്ന ടെണ്ടർ സമർപ്പിച്ചവരുടെയോ അല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയിരിക്കുന്ന പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ടെണ്ടർ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവർ പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് തട്ടക്കുഴ , ഇടുക്കി –685581 പക്കൽ നിന്നും ടെണ്ടർ ഫോം വാങ്ങേണ്ടതും ടി ഫോറത്തിൽ ടെണ്ടർ സമർപ്പിക്കേണ്ടതുമാണ്. ടെണ്ടർ ഫോമിനുള്ള അപേക്ഷയോടൊപ്പം ഒരു ഫോറത്തിന് നിർണയിച്ചിട്ടുള്ള വിലയായ 400 /- രൂപ പണമായി അടയ്ക്കേണ്ടതാണ്. പ്രസ്തുത തുക യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല. ടെണ്ടർഫോം വിലയുടെ ജി.എസ്.ടി തുകയായ 12 ശതമാനം ജി.എസ്.ടി. ഫോമിൽ അടച്ച് ചെല്ലാൻ/ കൗണ്ടർഫോയിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ഫോറത്തിന്റെ വിൽപന 14/11/2024, 3 pm–ന് അവസാനിക്കുന്നതാണ്. ചെക്ക്, പോസ്റ്റൽ സ്റ്റാമ്പ് മുതലായവ ടെണ്ടർ ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ടെണ്ടർ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ എസ്റ്റിമേറ്റ് തുകയുടെ 1 ശതമാനം നിരതദ്രവ്യ നിക്ഷേപമായി അടക്കേണ്ടതും ടി തുക 1,500 രൂപയിൽ കുറയാൻ പാടില്ലാത്തതും ആകുന്നു. നിരതദ്രവ്യ നിക്ഷേപതുക പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് , തട്ടക്കുഴ , ഇടുക്കി –685581 എന്ന വിലാസത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റായി അടയ്ക്കാവുന്നതാണ്. 200 രൂപയുടെ മുദ്രപത്രത്തിൽ തയ്യാറാക്കിയ ഉടമ്പടിയും സമർപ്പിക്കേണ്ടതാണ്. ടെണ്ടറിൽ പറഞ്ഞിരിക്കുന്ന തുക ടെണ്ടർ സ്വീകരിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് മാറ്റമില്ലാതെ ഇരിക്കുന്നതായിരിക്കും. പ്രിൻസിപ്പാൾ, ഗവ.വി.എച്ച്.എസ്.എസ് , തട്ടക്കുഴ , ഇടുക്കി –685581 ന് ടെണ്ടർ നീട്ടി വയ്ക്കാനോ റദ്ദ് ആക്കാനോ <u>ഉള്ള</u> അധികാരം ഉണ്ടായിരിക്കുന്നതാണ്. സർക്കാർ 18/11/2024–ന് പൊതു അവധിയായി പ്രഖ്യാപിക്കുകയാണെങ്കിൽ ടെണ്ടർ അടുത്ത പ്രവർത്തി ദിവസം തുറക്കുന്നതാണ്.

സ്ഥലം : തട്ടക്കുഴ

തീയതി : 29/10/2024

MAHIMA L G
PRINCIPAL
GVHSS THATTAKUZHA
IDUKKI DT-685581